# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5473** **1.07.2019-ൽ മറുപടിക്ക്**

## വൈദ്യുത വിതരണ ശൃംഖല സ്മാർട്ട് ആക്കാൻ നടപടി

| | ചോദ്യം<br>ശ്രീ.കെ.എം.ഷാജി<br>" പി.കെ.അബ്ദു റബ്ബ്<br>" പാറക്കൽ അബ്ദുല്ല<br>" കെ.എൻ.എ ഖാദർ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ)<br><br><br><br><br><br><br><br><br>(ബി) | 11 കെ. വി. വൈദ്യുതലൈനുകളിലെ തകരാർ കണ്ടെത്തി പരിഹരിക്കുന്നതിന് നിലവിലെ സംവിധാനം എത്രമാത്രം പര്യാപ്തമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;<br><br><br><br><br><br>ഈ സംവിധാനം മെച്ചപ്പെടുത്തി വൈദ്യുത വിതരണ ശൃംഖല സ്മാർട്ട് ആക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;<br>വിശദമാക്കുമോ? | (എ)<br>&<br>(ബി) | പരിശോധിച്ചിട്ടുണ്ട്. ലൈൻ പട്രോൾ നടത്തിയും വിവിധ സെക്ഷനുകളായി ലൈൻ ഐസൊലേറ്റ് ചെയ്ത് ടെസ്റ്റ് ചാർജ് ചെയ്തും മറ്റും തകരാർ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് "Communicable Fault Pass Detector " എന്ന നൂതന സംവിധാനത്തിന്റെ വളരെ ചെലവു കുറഞ്ഞ ഒരു മോഡൽ ബോർഡ് ജീവനക്കാർതന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതു 300 റോളം എണ്ണം പരീക്ഷണാടിസ്ഥാനത്തിൽ ഷൊർണൂർ, പാലക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ ഉപയോഗിച്ച് വളരെ ഫലപ്രദമെന്ന് വിലയിരുത്തിയിട്ടുമുണ്ട്. തകരാർ ഉണ്ടാകുന്ന സമയത്തു വിവരം SMS ആയി അധികാരപ്പെട്ട ഉദ്യോഗസ്ഥർക്ക് എത്തിക്കുന്നതിനും സോഫ്റ്റ് വെയർ<br><br>വഴി തകരാർ ഉണ്ടായ സ്ഥലം അറിയുന്നതിനുമുള്ള നൂതന സംവിധാനമാണിത്. ഇത്തരത്തിലുള്ള 3000 ത്തോളം" Communicable Fault Pass Detector (CFPD )" ഇപ്പോൾ നിർമ്മാണത്തിലാണ്.<br>2021-ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും |

| | | | |
|---|---|---|---|
| | | | തടസരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്ത നടപ്പിലാക്കുന്ന "ദ്യുതി 2021' ന്റെ നാലു വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരത്തിലുള്ള 16223 CFPD സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ തകരാറുകൾ സംഭവിക്കാൻ സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ ഇവ സ്ഥാപിക്കുവാനും പിന്നീട് മറ്റിടങ്ങളിലേക്ക് വ്യാപിപ്പിക്കാനുമാണ് നിശ്ചയി ച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ